നടത്തിവന്നിരുന്ന ഹരിജൻ ഹോസ്റ്റലുകൾ നിർത്തലാക്കി. എന്നാൽ അവരുടെ താമസച്ചിലവിനായി സ്റ്റയിപ്പൻഡ് നൽകിവരുന്നുണ്ട്.

മെഡിക്കൽ കോളേജ് പ്രവേശനം

*൪൨൨. (ഒന്ന) ശ്രീ. എസ്സ്. ശിവരാമനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മെഡിക്കൽ കോളേജ് പ്രവേശനത്തിൽ ന്യൂനപക്ഷസമുദായങ്ങൾക്ക് പ്രാതിനിധ്യം അനുവദിക്കുന്നതിലേക്ക് മെമ്മോറാണ്ടങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട ഗവൺമെൻറ് അതിന്മേൽ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) തൽഫലമായി പിന്നോക്കസമുദായങ്ങൾക്കും പട്ടികജാതിക്കാർക്കും സംവരണം ചെയ്തിരുന്ന ൪ സീറ്റുകൾക്കു പുറമെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായി പിന്നോക്കമായ സമുദായങ്ങൾക്കു ൧൫ സീറ്റുകൾകൂടെ സംവരണം ചെയ്തു.

പിന്നോക്കസമുദായങ്ങൾക്കു ആനുകൂല്യം

*൪൨൩. (൫൬) ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

ഇൻഡ്യൻ ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ച് പിന്നോക്കസമുദായങ്ങൾക്ക് ആനുകൂല്യങ്ങൾ (State aid and facilities) നൽകുന്നതിനെ സംബന്ധിച്ച് കേന്ദ്രഗവൺമെൻറിൽനിന്നും എന്തെങ്കിലും നിർദ്ദേശം ഈ ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): ഇല്ല.

ഫെറി സർവ്വീസ്

*൪൨൪. (൨൯൨) ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊല്ലം-കോട്ടയത്തുകടവിൽ യാത്രക്കാരുടേയും മറ്റും സൗകര്യത്തെ പരിഗണിച്ച് സ്റ്റീംലാഞ്ച് ഫെറിസർവ്വീസ് ഏർപ്പെടുത്തി നടത്താനുള്ള അനുവാദത്തിനു അപേക്ഷിച്ചുകൊണ്ട് കൊല്ലം മുനിസിപ്പാലിറ്റിയിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ഉണ്ട്.

(ബി) ഈ കാര്യം ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കയാണ്.

PUBLIC SERVICE APPLICATION FEES

*425 [67] Sri. C. V. Iyyu: Will the hon. Chief Minister be pleased to answer.—

Whether they have realised the difficulties, expenses and inconveniences of the applicants living miles off from a treasury for depositing the prescribed applica-

LIBRARY ARCHIVES Kerala Legislative Assembly